ഉത്തരം

(എ) വിദേശ നിക്ഷേപം ആകർഷിക്കുന്നതിനായി പശ്ചാത്തല സൗകര്യം, വിനോദ സഞ്ചാരം, പെട്രോകെമിക്കൽസ്, ആതുരശുശ്രൂഷ, പ്രകൃതി വാതകാധിഷ്ഠിത പദ്ധതികൾ മുതലായ മേഖലകൾക്ക് പ്രാഥമിക പദ്ധതി വിവരങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വിദേശ നിക്ഷേപ സാധ്യത വിലയിരുത്തുന്നതിന് ഖത്തർ, സിങ്കപ്പൂർ, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ഉന്നതതല സംഘങ്ങളുമായി ചർച്ചകൾ നടത്തിവരുന്നു. പ്രസ്തുത പ്രതിനിധി സംഘങ്ങൾ ടെക്സ്റ്റൈൽസ്, ഗാർമെന്റ്സ്, അടിസ്ഥാന സൗകര്യം, പെട്രോകെമിക്കൽസ്, ഹെൽത്ത് കെയർ, ടൂറിസം, പ്ലാസ്റ്റിക് സംസ്ക്കരണം തുടങ്ങിയ മേഖലകളിലാണ് താൽപര്യം കാട്ടിയിരിക്കുന്നത്.

(സി) ഇതു സംബന്ധിച്ച ചർച്ചകൾ വിജയപ്രദമാവുകയാണെങ്കിൽ ഏതാണ്ട് പതിനായിരം കോടി രൂപയുടെ നിക്ഷേപം കേരളത്തിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതികളിലേക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി സിങ്കപ്പൂർ, മലേഷ്യ എന്നിവിടങ്ങളിൽ വ്യവസായികളുമായി ചർച്ചകൾ സംഘടിപ്പിക്കുകയുണ്ടായി. അന്താരാഷ്ട്ര തലത്തിലുള്ള നിക്ഷേപകരുമായി തുടർച്ചയായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിവരുകയാണ്.

പുനലൂർ പേപ്പർ മില്ലും കേരള സർക്കാരും തമ്മിൽ ഒപ്പുവച്ച ധാരണാപത്രം

119 [474] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർമിൽ മാനേജ്മെന്റും കേരള സർക്കാരും തമ്മിൽ 2007 മേയ് മാസം ഒപ്പുവച്ച ധാരണാപത്രം മാനേജ്മെന്റ് ലംഘിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്പോൾ ഈ ധാരണാപത്രം നിലനിൽക്കുന്നുണ്ടോ;

(സി) ഈ ധാരണാപത്രം പ്രകാരം മിൽ മാനേജ്മെന്റിന് ഏതെല്ലാം കടബാദ്ധ്യതകളിൽ നിന്നും ഇളവുകൾ നൽകുകയും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഗ്രാറ്റുവിറ്റി, പി. എഫ്., ശമ്പളക്കുടിശ്ശിക എന്നീ ഇനങ്ങൾ ഇനി എത്ര തൊഴിലാളികൾക്ക് നൽകുവാനുണ്ട്; ഇതു സംബന്ധിച്ച് സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly.

(ഇ) തൊഴിലാളികൾക്ക് ലഭിക്കുവാനുള്ള ഗ്രാറ്റുവിറ്റി, പി. എഫ്. എന്നിവ എന്നത്തേക്ക് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (സി) പുനലൂർ പേപ്പർമിൽ മാനേജ്മെന്റ് സർക്കാരുമായി ഒപ്പുവച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം മിൽ തുറക്കുവാൻ ആവശ്യമായ നടപടികൾ മാനേജ്മെന്റ് സ്വീകരിക്കുന്ന മുറയ്ക്ക് വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ആനുകൂല്യങ്ങളും സഹായങ്ങളും ലഭ്യമാക്കാമെന്ന് ധാരണാപത്രത്തിൽ വിവരിച്ചിട്ടുണ്ട്. എന്നാൽ ധാരണാപത്രം ഒപ്പുവച്ചശേഷം കാനറാബാങ്കിനുള്ള കുടിശ്ശിക അടച്ചു തീർത്തതൊഴിച്ച് മിൽ തുറക്കുവാൻ ആവശ്യമായ മറ്റ് നടപടികളൊന്നും മാനേജ്മെന്റ് കൈക്കൊണ്ടില്ല. തുടർന്ന് ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെ പുനലൂർ പേപ്പർമില്ലിന് ആനുകൂല്യങ്ങളൊന്നും നൽകേണ്ടെന്ന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കടബാദ്ധ്യതകളിൽ നിന്നും ഇളവുകൾ നൽകുകയോ ഒഴിവാക്കുകയോ ചെയ്തിട്ടില്ല.

(ഡി) & (ഇ) പുനലൂർ പേപ്പർമില്ലിലെ തൊഴിലാളികളുടെ പി. എഫ്. കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ തിരുവനന്തപുരത്തെ പി. എഫ്. കമ്മിഷണർക്ക് ലഭ്യമാക്കുന്നതിലേക്കായി ബോംബെ ഹൈക്കോടതി നിയമിച്ചിട്ടുള്ള പുനലൂർ പേപ്പർമിൽ റിസീവറോട് തിരുവനന്തപുരത്ത് എത്തിച്ചേരുവാൻ ഗവൺമെന്റ് അഭ്യർത്ഥിച്ചിട്ടുണ്ട്. ഗ്രാറ്റുവിറ്റി, പി. എഫ്., ശമ്പളക്കുടിശ്ശിക എന്നീ ഇനങ്ങൾ എത്ര തൊഴിലാളികൾക്കാണ് നൽകുവാനുള്ളതെന്നത് സംബന്ധിച്ച കണക്കുകൾ ശേഖരിച്ചുവരുന്നു.

ചെറുകിട വ്യവസായ മേഖല മെച്ചപ്പെടുത്തുന്നതിന് നടപടി

120 [475] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ മേഖല മെച്ചപ്പെടുത്തുവാനും പുതിയ തൊഴിൽ സംരംഭകരെ പ്രോൽസാഹിപ്പിക്കുവാനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഈ നടപടികളുടെ ഭാഗമായി എത്ര പുതിയ ചെറുകിട വ്യവസായങ്ങൾ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രതികൂലമായ സാഹചര്യങ്ങൾ കാരണം എത്ര ചെറുകിട വ്യവസായങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly